ഉത്തരം

പഠനവും കാരണവും ഒരുമിച്ച് പ്രദാനം ചെയ്യുന്ന സ്ഥാപനമാണ് മോഡൽ റസിഡൻഷ്യൽ സ്കൂൾ. വിദ്യാർത്ഥികളുടെ വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ആധുനിക ശാസ്ത്ര പുരോഗതി സേവന മനോഭാവം സ്വഭാവ രൂപീകരണം എന്നിവ പരിപോഷിപ്പിക്കുന്നതിനും തയ്യാറുള്ള സന്നദ്ധ സംഘടനകൾ മുന്നോട്ടു വന്നാൽ നടപടി കൈക്കൊള്ളുന്നതാണ്.

നൂറനാട് റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം

159 (2438) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട നിയോജകമണ്ഡലത്തിലെ നൂറനാട് പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഒരു റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികജാതി സമുദായത്തിലെ വിദ്യാർത്ഥികൾക്കായി ഇത്തരം കൂടുതൽ സ്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വകുപ്പുതലത്തിൽ പ്രൊപ്പോസൽ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

(സി) നിലവിലുള്ള സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുമാണ് ഇപ്പോൾ മുൻഗണന നല്കുന്നത്.

ഗവ. പോസ്റ്റുമെട്രിക് ഹോസ്റ്റലിലെ പട്ടിണിയിലായ അന്തേവാസികൾ

160 (2439) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പോസ്റ്റുമെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾ ഭക്ഷണം ലഭിക്കാതെ പട്ടിണിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഹോസ്റ്റൽ മെസ്സിലേക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയ വകയിൽ കുടിശ്ശിക തുക നല്കാനുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിദ്യാർത്ഥികൾക്ക് നല്കിവരുന്ന പോക്കറ്റ്മണി തുകയിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly